"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ ശമ്പളം സർക്കാർ ഫിക്സ് ചെയ്യുന്നതുവരെ മുസിരിസിന്റെ തനതു ഫണ്ടിൽ നിന്ന് അഡ്വാൻസ് ആയി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.351/2025/TSM തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. സ.ഉ(കൈ) നം.225/09/ടൂറിസം, തീയതി 03-10-2009.
2. സ.ഉ(കൈ) നം.53/2011/ടൂറിസം, തീയതി 16.02.2011.
3. സ.ഉ (സാധാ) നം.88/2025/ടൂറിസം , തീയതി 18-02-2025.
4. സ.ഉ (സാധാ) നം.227/2025/ടൂറിസം , തീയതി 17-04--2025
5. മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 16-06-2025 തീയതിയിലെ MPL-MD/25/307 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം രൂപീകൃതമായമുസിരിസ് പ്രോജക്ട്സ് ലിമിറ്റഡ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി ശ്രീ. ഷാരോൺ വി., കോഴിക്കോട് നെ പരാമർശം (3) പ്രകാരം നിയമിച്ച് ഉത്തരവായിരുന്നു.

(2). 2025 ഫെബ്രുവരി 20 ന് ചുമതല ഏറ്റെടുത്ത തനിക്ക് എം.ഡി തസ്തികയിലേക്കുള്ള ഔപചാരിക ശമ്പള നിർണ്ണയം പൂർത്തിയായിട്ടില്ലെന്നും, വരാനിരിക്കുന്ന ബോർഡ് യോഗത്തിൽ ആയത് പരിഗണിച്ച് സർക്കാർ അംഗീകാരം ലഭിക്കുന്നതിന് സമയമെടുക്കുമെന്നതിനാൽ ശമ്പളം ഔദ്യോഗികമായി നിശ്ചയിക്കുന്നത് വരെ കമ്പനി ഫണ്ടിൽ നിന്ന് പ്രതിമാസം 50,000/- രൂപ ശമ്പള അഡ്വാൻസ് എടുക്കാൻ അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ

ശമ്പളം ഫിക്സ് ചെയ്തതിനു ശേഷം അഡ്വാൻസ് എടുത്ത തുക മുസിരിസിന്റെ തനതു ഫണ്ടിലേക്ക് recoup ചെയ്യുമെന്ന മാനേജിങ് ഡയറക്ടറുടെ സമ്മതി പത്രത്തിന് വിധേയമായും വിഷയം അടുത്ത കമ്പനി ബോർഡ് യോഗത്തിൽ വച്ച് അംഗീകാരം നേടണമെന്ന നിബന്ധനക്ക് വിധേയമായും മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ പ്രതിമാസ ശമ്പളം മുസിരിസിന്റെ തനതു ഫണ്ടിൽ നിന്ന് ₹50,000/- (അൻപതിനായിരം രൂപ മാത്രം) രൂപ അഡ്വാൻസ് ആയി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സ് ലിമിറ്റഡ്, പുല്ലൂട്ട് പി.ഒ., കൊടുങ്ങല്ലൂർ, തൃശ്ശൂർ -680663.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/34/2025-ടൂർ-പാർട്ട് (1)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 23-06-2025 12:49:37
സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.